ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സ്വസ്ഥാനങ്ങളിൽ ഇരുന്ന് സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിയമവിരുദ്ധമായി കൊണ്ടുവന്ന ബോട്ടിലുകൾ റിമൂവ് ചെയ്യണമെന്ന് നേരത്തെതന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ബോട്ടിലുകൾ റിമൂവ് ചെയ്യണം..........(ബഹളം).........

## റൂളിംഗ്

മി. സ്പീക്കർ : ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയി ഇരിക്കണം..........(ബഹളം)......... ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയി ഇരിക്കണം........ (ബഹളം).......ഒരു സഭയിൽ ഒരു കാര്യം ഉണ്ടായാൽ അത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് നമ്മൾ തീരുമാനിക്കുമല്ലോ. അതല്ലാതെ ഓരോരുത്തരായി ഇതു സംബന്ധിച്ച് അഭിപ്രായങ്ങൾ പറയുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്താൽ സഭ നിയന്ത്രിക്കാൻ കഴിയുകയില്ല..........(ബഹളം)......... ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയി ഇരിക്കണം.

(സഭാംഗങ്ങളെല്ലാം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങി സ്വസ്ഥാനങ്ങളിൽ ഇരുന്നു)

ഈ ചർച്ചാവേളയിൽ ഉണ്ടായ ഒരു സംഭവമാണ് ഇതിലേയ്ക്ക് വഴി തെളിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടിക്കൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട ജി. സുധാകരനാണ് ചെയറിൽ ഉണ്ടായിരുന്നത്. ഒരു പ്രസംഗവേളയിൽ രണ്ടുമദ്യക്കുപ്പികൾ ഇവിടെ പ്രദർശിപ്പിച്ചതിന്റെ ഫലമായിട്ട് ഉണ്ടായ പ്രൊവോക്കേഷനാണ് ഇതിലേയ്ക്ക് വഴിതെളിച്ചതെന്ന് ചെയർ മനസ്സിലാക്കുന്നു. ഇതു സഭയിൽ മുൻപും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇവിടെ ആൽക്കഹോളിക് ആയിട്ടുള്ളതും അതുപോലെ മയക്കുമരുന്ന്, കഞ്ചാവ് രൂപത്തിലൊക്കെ ഉള്ളതും ചിലരൊക്കെ പ്രദർശിപ്പിച്ച സന്ദർഭമുണ്ടായപ്പോൾ ഗൗരവത്തിൽ ആ പ്രശ്നം ഇവിടെ വരുകയും ചെയറിൽ നിന്ന് റൂളിംഗും ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും മുൻപ് അതുപോലെ ഉണ്ടായോ ഇല്ലയോ എന്ന് ഞാൻ നോക്കുകയല്ല ചെയ്യുന്നത്. അങ്ങനെയുള്ള കാര്യങ്ങൾ പ്രദർശിപ്പിക്കുന്നത് സഭയുടെ നിലവാരത്തിന്, അല്ലെങ്കിൽ അന്തസ്സിന് യോജിച്ചതല്ല. അതിനോട് എല്ലാവരും യോജിക്കുമെന്നാണ് എന്റെ അഭിപ്രായം. ഭരണപക്ഷമായാലും പ്രതിപക്ഷമായാലും ആരുതന്നെയായാലും അത് നമുക്ക് ഗുണം ചെയ്യുന്നതല്ല. അതിന്റെ ആവശ്യമില്ല. അത് ഏത് എക്സ്റ്റന്റ്വരെ 'എങ്ങനെയൊക്കെ പോകും? അതിൽ പലതും സദുദ്ദേശത്തിലും, പിന്നെ അതിൽ ദുരുദ്ദേശത്തിലും, പിന്നെ അതിന്റെ വൾഗാനിസവുമൊക്കെ വരാൻ സാദ്ധ്യതയുണ്ട്. അത് നമ്മുടെ സഭയുടെ അന്തസ്സിന് യോജിച്ചതല്ല. നമ്മുടെ അനുഭവങ്ങളാണ് നമ്മുടെ ഗുരുനാഥൻ എന്നു പറയുന്നത്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇമ്മാതിരി കാര്യങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇപ്പോൾ അത് ഒരു അപവാദമായിട്ടോ മറ്റു രൂപത്തിലോ ഞാൻ കാണുന്നില്ലെങ്കിലും അത് ആവർത്തിക്കേണ്ടതില്ല. പ്രദർശി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച വസ്തുക്കൾ ഇപ്പോൾ അവിടെ ഇരിക്കുന്നുണ്ടോയെന്ന് എനിക്ക് അറിയില്ല. അത് ദയവുചെയ്ത് ചെയറിനെ ഏൽപ്പിക്കണം.

(ഡോ. എം.എ. കുട്ടപ്പൻ സഭയിൽ പ്രദർശിപ്പിച്ച രണ്ടു കുപ്പി ബിയറും മേശപ്പുറത്തു വച്ചു)

അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് സഭാനടപടികൾ തുടരാം. പക്ഷെ ഇതിനെ സംബന്ധിച്ച് അതിന്റെ എല്ലാ വശങ്ങളും ഒന്നുകൂടി പരിശോധിച്ചുകൊണ്ട് തുടർന്ന് ഇമ്മാതിരി കാര്യങ്ങൾ ഉണ്ടായാൽ എന്താണ് വേണ്ടതെന്ന കാര്യത്തിൽ വളരെ വ്യക്തമായ ഒരു തീരുമാനത്തിൽത്തന്നെ എത്തിച്ചേരേണ്ടതായിട്ടുണ്ട്. അത് എത്തും. അത് ചെയർ സഭയെ അറിയിക്കുമെന്ന് റൂൾ ചെയ്യുകയാണ്. ഡോ. എം. എ കുട്ടപ്പൻ, അങ്ങേയ്ക്ക് പ്രസംഗം തുടരാം.

## IX. നിയമനിർമ്മാണകാര്യം (തുടർച്ച)

ഡോ. എം.എ. കുട്ടപ്പൻ : സർ, ഞാൻ ഇത് ബില്ലുസഹിതം അങ്ങേയ്ക്കു തരാൻവേണ്ടി കൊണ്ടുവന്നതാണ്. ഈ ഗവൺമെന്റിലെ എക്സൈസ് വകുപ്പുമന്ത്രിയുടെ കീഴിലുള്ള കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ചട്ടങ്ങൾക്കൊക്കെ വിരുദ്ധമായി വിറ്റ ബിയറാണിത്. കുറ്റം ചെയ്തത് മന്ത്രിയാണ്. ആറു ശതമാനത്തിൽ കൂടുതൽ സ്ട്രെംഗ്ത് കൂട്ടി ബിയർ വിൽക്കാൻ പാടില്ലെന്ന് ഇവിടെ പറയുന്നു. അതുപോലെ ബിയറിന്റെ കുപ്പിയുടെ പുറത്തുള്ള ലേബലിൽ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന് വലിയ അക്ഷരത്തിൽ എഴുതിവയ്ക്കണമെന്ന് നിയമമുണ്ട്. അത് ഇവിടെ വായിക്കാൻ പറ്റാത്ത വിധത്തിലാണ് എഴുതി വച്ചിരിക്കുന്നത്. കണ്ണാടി വച്ചിട്ടുപോലും വായിക്കാൻ വയ്യാത്ത വിധത്തിൽ വളരെ ചെറിയ അക്ഷരത്തിൽ എഴുതി വച്ചിരിക്കുന്നു. കൂടാതെ 12 ശതമാനം മുതൽ 15 ശതമാനം വരെ ബിയറിന്റെ സ്ട്രെങ്ത് കൂട്ടി വിൽപ്പന നടത്തുന്നു. അങ്ങ് ഇത് ലബോറട്ടറിയിലേയ്ക്ക് അയച്ച് ടെസ്റ്റ് ചെയ്തു നോക്കണം. കേരള ഗവൺമെന്റിന്റെ സാധനമാണ്. അതിന് സ്റ്റിക്കറും ഉണ്ട്. ഇവിടെ കുറ്റം ചെയ്തത് ആരാണ്? മന്ത്രിയാണ്. മന്ത്രി പത്ത് വർഷം തടവിനും ഒരു ലക്ഷം രൂപ പിഴയും കിട്ടത്തക്ക കുറ്റമാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ചെയ്യേണ്ടത് മന്ത്രിയെ അറസ്റ്റ് ചെയ്ത് റിമാന്റിൽ വയ്ക്കണമെന്നുള്ളതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ എന്നു പറയുന്നത് ഒരു കമ്പനിയാണ്. ആ കമ്പനി ബിയർ വിറ്റിട്ടുള്ളതിൽ വല്ല കുറ്റവും ചെയ്തിട്ടുണ്ടെങ്കിൽ, ഇപ്പോൾതന്നെ പല കേസ്സുകളിലും ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എം.ഡി യേയും ചെയർമാനേയും പ്രതിയാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഒന്ന് അറിയണ്ടേ? ഇത് കമ്പനീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു ഇൻഡിപെന്റഡ് കമ്പനിയാണ്. അതുകൊണ്ട് മന്ത്രിയെ പത്ത് കൊല്ലം തടവിൽ ഇടണമെന്ന് പറയുന്നതിൽ ഒരു അർത്ഥവുമില്ല. എന്താണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അർത്ഥം? അങ്ങനെ ഒരു വകുപ്പ് ഉണ്ടോ? അങ്ങനെയൊന്നും നടക്കുന്നില്ല. അതിന് കഴിയുകയുമില്ല.



LIBRARY ARCHIVES Kerala Legislative Assembly